Mathrubhumi.com

# മിയാവാക്കിയുടെ ജന്മദിനം ആഘോഷിച്ച് തലസ്ഥാനം

Jan 30, 2020, 02:00 AM IST

A | A

പത്ത് സെന്റിൽ മിയാവാക്കി കാടൊരുക്കി

**തിരുവനന്തപുരം:** പ്രകൃതിശാസ്ത്രജ്ഞനും ലോകത്ത് ജൈവവൈവിധ്യം നിലനിർത്തുന്നതിനുവേണ്ടി മിയാവാക്കി കാടുകൾ ഒരുക്കി ലോക ശ്രദ്ധേയനുമായ ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ പ്രൊഫ. ഡോ. അകിരാ മിയാവാക്കിയുടെ 92-ാം ജന്മദിനം ആഘോഷിച്ച് തലസ്ഥാനം. മിയാവാക്കിയുടെ ജന്മദിനത്തോടനുബന്ധിച്ച് ചാല സ്കൂളിലെ പത്ത് സെന്റ് സ്ഥലത്ത് മിയാവാക്കി കാട് നിർമിച്ചാണ് ജന്മദിനം ആഘോഷിച്ചത്.

സ്കൈപ്പ് ലൈവിൽ എത്തിയ അകിരാ മിയാവാക്കി കേരളത്തിൽ നടത്തുന്ന ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് ആശംകൾ നേർന്നു. പ്രകൃതിസംരംക്ഷണത്തിന് ഇത്തരത്തിൽ കൂടുതൽ ഉദാത്തമായ മാതൃകകൾ വെച്ച് പിടിപ്പിക്കണമെന്നും

യൂണിവേഴ്സ്റ്റിയിലെ പ്രൊഫ. ഡോ. എൾജീൻ ബോക്സും കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹത്തിനോടു വിശദീകരിച്ചു.

സംസ്ഥാന ബയോഡൈവേർസിറ്റി മുൻ ഡയറക്ടറും നിലവിൽ നാച്ചുറൽസ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ ചെയർമാനുമായ പ്രൊഫ. വി.കെ.ദാമോദരൻ ആദ്യമരം നട്ടു. പിന്നീട് 1600 മരങ്ങൾ വെച്ചുപിടിപ്പിച്ചു.

സർക്കാർ സ്ഥാപനമായ കേരള ഡവലപ്പ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ നേതൃത്വത്തിൽ, കൾച്ചർ ഷോപ്പി, എൻ.ജി.ജി.എഫ്.എൻ. നേച്ചേഴ്സ് ഗ്രീൻ ഗാഡിയൻ ഫൗണ്ടേഷൻ എന്നിവർ ചേർന്നാണ് കാടൊരുക്കിയത്. ഷക്കീല, രോഹിത്, ചീഫ് ഫോറസ്റ്റ് ഓഫീസർ പദ്മ മൊഹന്തി, ഇൻവീസ് മൾട്ടി മീഡിയ ഡയറക്ടർ ഹരി, പി.ടി.എ. പ്രസിഡന്റ് പി.മോഹനൻ, എച്ച്.എം. കെ.രാജേന്ദ്രൻ, സ്കൂൾ വികസന സമിതി അംഗം, സജി, എസ്.പി.സി. പ്രസിഡന്റ് ഗുരുമൂർത്തി തുടങ്ങിയവർ പങ്കെടുത്തു.